**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (കെ.എസ്.എസ്.എ)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
3-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ: **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com, www.socialaudit.kerala.gov.in

No.10/KSSA/2026 05/03/2026

To

**കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ/**
**എം.ജി.എൻ.ആർ.ഇ.ജി.എസ്.ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ**
എല്ലാ ജില്ലകൾക്കും

മാഡം/സർ,

വിഷയം: വിവിധ ജില്ലകളിൽ നിന്നും **സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ** കണ്ടെത്തുന്നതിനുള്ള അപേക്ഷ

എല്ലാ ജില്ലകളിലെയും വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഏതാനും ഒഴിവുകളുണ്ട്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാസ്റ്റർ സർക്കുലർ അനുസരിച്ച് സ്വയം സഹായ സംഘങ്ങളിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി പരിശീലനം നൽകി വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കഴിയും. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റിൽ പങ്കാളികളാകാൻ വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും വിഷയത്തിലുള്ള 50 ശതമാനം മാർക്കോടെയുള്ള ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ അടിസ്ഥാന യോഗ്യത. കുടുംബശ്രീ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കുടുംബശ്രീ ഓക്സിലയറി ഗ്രൂപ്പിൽ അംഗങ്ങളായ ബിരുദധാരികൾക്ക് വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി അപേക്ഷ നൽകുന്നതിന് കഴിയും. അതോടൊപ്പം മുൻകാല ജനപ്രതിനിധികളായ ബിരുദധാരികളായവർക്കും സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിൽ തൽപരരായവർക്കും അപേക്ഷിക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് ടൂവീലർ ഉണ്ടെങ്കിൽ അഭികാമ്യ യോഗ്യതയാണ്.

അപേക്ഷകർക്കുള്ള പ്രായപരിധി **2026 മാർച്ച് 1-ന് 35 വയസ്സ് കഴിയാൻ പാടില്ല**. പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ച് വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 660/-രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിലാണ് പ്രവർത്തിക്കേണ്ടത്. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ അപേക്ഷ ഫോറത്തിന്റെ ഗൂഗിൾ ഫോറം ലിങ്ക് ഈ മെയിലിനോടൊപ്പം കൂട്ടിചേർക്കുന്നു. പ്രസ്തുത ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക. അപേക്ഷ ഫോറം എല്ലാ ബ്ലോക്കിലും ഉൾപ്പെട്ട വിവിധ ഗ്രാമപഞ്ചായത്തുകളിലെ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും എ.ഡി.എസ്. പ്രസിഡന്റുമാർക്കും അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 മാർച്ച് 19 ആണ്.**

**Link:** https://forms.gle/NLv8yp9pF9DqQUfb7

വിശ്വസ്തതയോടെ

**ഡോ.എൻ.രമാകാന്തൻ**,ഡയറക്ടർ

കോപ്പി: 1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും/ജെ.പി.സി.മാർക്കും
2. എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും